PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY.

FIRST SESSION 1950.

Wednesday, *the 19th April 1950.*

Vol: 1 OFFICIAL REPORT [No. 31

The Assembly met in the Legislative Chamber, Trivandrum, at Elven of the clock on Wednesday the 19th April 1950, with Mr. Speaker in the Chair

Reference regarding an article published in the 'Vanchibhoomi' date the 15th Aprial 1950

സഃഹിബ് ബഹദൂർ മഹമ്മദ്മുസ്ലാഹാ: സർ, സഭയുടെ അവകാശങ്ങളെ സ്പർശിക്കുന്നതായ ഒരു കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാഗ്രഹിക്കുന്നു. ഏപ്രിൽ ൧൫-ാംതീയതിയിലെ വഞ്ചിഭൂമി പത്രത്തിൽ ഈ സഭയിലെ ഒരു ബഹു. അംഗമായ ശ്രീ. സി. വി. ഇയ്യുവിനെ പരാമർശിച്ച് "ശ്രീ. സി. വി. ഇയ്യുവിനു് മുഴക്കിറുക്കോ" എന്നുള്ള തലക്കെട്ടിൽ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ആ ലേഖനം ഞാൻ വായിക്കാം:

അസംബ്ലിയിലെ ചില ചോദ്യോത്തരവേളയിൽ 'മയിലാപ്പൂർ പട്ടന്മാരുടെഭരണം' എന്നംമറവുചെയ്ത് ചില അശ്ലീലപദപ്രയോഗങ്ങൾ തട്ടിമൂളിച്ചതായികേട്ടു. പണ്ട് പട്ടാളം കമാൻററേയും തെറിപറഞ്ഞതു് ഇയ്യാളാണു്. ദേവസ്വംബോർഡിൽ ഒരു സ്ത്രീ വേണമെന്നുപറഞ്ഞു് ഹൈന്ദവമെംബറന്മാരുടെ ക്ഷമ പരിശോധിച്ചതും സംസ്ഥാനാതിഥിയായി വന്ന ഒരു ഡാൻസുകാരി അയ്യാളുടെ ഭാര്യയുടെ നാട്ടുകാരിയും 'നല്ല കലാകാരിയുമാണെന്നും മറവും പുച്ഛസ്വരത്തിൽ പറഞ്ഞതുമെല്ലാം ഈ കിറുക്കനാണു്. രാജദ്രോഹം, കോഴ എന്നീ കുറങ്ങുകൾക്കായി അറസ്റ്റ്ചെയ്ത ജയിലിലടച്ച മിന്നസന്തിയുടെ മോചനത്തിൻറെ പ്രമേയാവതരകനും ഈ പിരിലൂസനാണു്. ആകൃതിയിലും പ്രകൃതിയിലും കിറുക്കനായ ഈ ബഹളക്കാരനു പറ്റിയ സ്ഥലം ഊളമ്പാറയാണു്.

ഈ സഭയിലെ ഒരു ബഹു. മെംബർ ഈ സഭയിൽവെച്ചുചെയ്ത പ്രസ്താവനകളെ അടിസ്ഥാനപ്പെടുത്തി 'വഞ്ചിഭൂമി'പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ പ്രസ്താവന സഭയുടെ അവകാശങ്ങളെ സാരമായി സ്പർശിക്കുന്നതാണെന്നുള്ള കാര്യം സ്പീക്കറുടേയും സഭയുടേയും ശ്രദ്ധയിൽ പെടുത്തണമെന്നു് ഞാൻ ആഗ്രഹിക്കുന്നു.

Sri. C. V. Iyyu: May I be permitted to speak a few words on this?

സഃഹിബ് ബഹദൂർ മഹമ്മദുമുസ്ലാഹാ: ഇതിൻറെ തലക്കെട്ടതന്നെ ശ്രീ. സി. വി. ഇയ്യുവിനു് മുഴക്കിറുക്കോ എന്നാണു്.

മി. സ്പീക്കർ: ഇക്കാര്യത്തെപ്പറ്റി ഗാഢമായ പഠനാലോചനക്കുശേഷം ഇതു പ്രിവിലേജസ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടേണ്ടതാണെന്നു കാണുന്നപക്ഷം അപ്രകാരം ചെയ്യുന്നതും കമ്മിറ്റിയുടെ അഭിപ്രായം ഭാവിനടപടിയെ ഉദ്ദേശിച്ചു സഭയെ അറിയിക്കുന്നതുമാണു്.

Sri. C. V. Iyyu: If the member concerned is not very much anxious to get the matter referred to the Privileges Committee, is it necessary to do so?

മി. സ്പീക്കർ: ഇതിനെസംബന്ധിച്ചുള്ള മെംബറുടെ അഭിപ്രായമെന്താണെന്നും ഈ പ്രസ്താവന ആക്ഷേപകരമായി മെംബർ കരുതുന്നോ എന്നുംകൂടി അറിഞ്ഞു ആ സംഗതികളെകൂടി അടിസ്ഥാനമാക്കി ആയിരിക്കും വേണമെങ്കിൽ നടപടി നടത്തുന്നതു്.

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: ഒരു മെംബർക്കു് കിറുക്കുണ്ടെന്നുള്ള പ്രസ്താവനയെ സംബന്ധിച്ചു ആ മെംബറുടെതന്നെ അഭിപ്രായം സംഗതമാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മെംബർക്ക് കിറക്കണമെന്നുള്ള അഭിപ്രായം സഭയ്ക്കുണ്ടെങ്കിൽ ഈ മെംബറുടെ അഭിപ്രായം സംഗതമല്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, 'വഞ്ചിഭൂമി'യിലുണ്ടായിരുന്ന ഈ ലേഖനം ഭാരതി എന്ന മറ്റൊരു പത്രത്തിലും പകർത്തി എഴുതിയിട്ടുള്ളതായി കണ്ടു.

മി. സ്പീക്കർ: എന്നത്തെ ഭാരതിയിലാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇന്നലത്തെ ഭാരതിയിലാണ് കണ്ടത്.

മി. സ്പീക്കർ: അക്കാര്യവും ഇതോടൊന്നിച്ച് പര്യാലോചിക്കാവുന്നതാണ്.

Sri. D. Gnanasigamoni: On a point of information, Sir. May I know what the procedure in regard to these matters is? So far as the Parliamentary procdure is concerned, at the beginning of every session a Privileges Committee is appointed and whenever a matter of this kind is raised it is referred to the Privileges Committee and the House will defer consideration on that till the report of the Committee is received. So far as I am aware, no such Privileges Committee has been appointed here.

Mr. Speaker: This matter was once raised and a reply was given to the same question. There is a Privileges Committee and it is still functioning. There is already a matter referred to that Committee. The Committee yesterday deliberated on that matter and has come to a decision. Whatever may be the technicalities in regard to the continuance of the Committee or otherwise there is at present a Committee to which these matters are being referred. The report of that committee will be placed before the House, for final decision.

Even according to the procedure in the Parliament, if the Speaker thinks that there is a prima facie case, then only the matter need be referred to the Privileges Committee; otherwise not.

SHORT NOTICE QUESTION

AYURVEDA COLLEGE STRIKE

***11. Sri. N. Daniel Jose:** Will the Hon'ble Minister for Finance be pleased to state:

(*a*) whether the Government is aware that the Ayurveda College students are boycotting their examination;

(*b*) whether the Government has received any petition from the students stating their demands; and

(*c*) if so, what are the demands contained therein?

Minister for Finance and Revenue **[Sri. A. J. John]**

(*a*) Yes; the students of the Ayurveda College have abstained from sitting for the examinations.

(*b*) Yes.

(*c*) The demands are:

(1) to persuade the University and to sanction the funds required for instituting a Faculty of Ayurveda urgently so as to begin the degree course in Ayurveda from the next collegiate year;

(2) to confer degrees on those who will pass the professional course in future as well as on those who have already passed;

(3) to place Ayurveda on a par with Allopathy and to sanction additional funds required for the purpose;

(4) to give adequate representation for Ayurveda in the Medical Council according to the number or practioners in each system of medicine; and

(5) to allow part system and September examinations for the public examinations now conducted; to stop the practice of detaining the third year course students for whom there is no public examination; to make provision for prosecuting studies in each year beginning from first year course, which are to be abolished year by year; and to take steps for giving the students efficient practical training in the Ayurveda Hospital and Pharmacy.

Sri. N. Daniel Jose: May I know whether the Government will take steps to implement some of these suggestions?

Sri. A. J. John: Government have already taken steps to implement some of these proposals.

ശ്രീ. ഇ. കെ. മാധവൻ: ഡിഗ്രി കൊടുക്കേണ്ടതു് യൂണിവേഴ്സിറ്റിയാണോ ഗവ ൺമെന്റാണോ?

LIBRARY ARCHIVES Kerala Legislative Assembly